**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2766** **14-09-2023 - ൽ മറുപടിയ്ക്ക്**

**തഴപ്പായ കുടിൽ വ്യവസായത്തിന്റെ സാധ്യതകളെക്കുറിച്ച് പഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കയ്പമംഗലം മണ്ഡലത്തിലെ എടവിലങ്ങ് പഞ്ചായത്തിലെ പ്രധാന വരുമാന മാർഗമായിരുന്ന തഴപ്പായ നെയ്ത്ത് വ്യവസായം നാമമാത്രമായി ചുരുക്കപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ വൈവിധ്യവൽക്കരണത്തിലൂടെ ഈ വ്യവസായത്തെ തിരിച്ചുകൊണ്ടു വരുന്നതിനാവശ്യമായ ക്രിയാത്മകമായ ഇടപെടൽ നടത്തുന്നതിന് നടപടികൾ സ്വീകരിക്കാമോ; | (എ) | ഈറ്റ, കാട്ടുവള്ളി, തഴ മേഖലയിൽ പരമ്പരാഗതമായി തൊഴിലെടുക്കുന്ന സാധാരണക്കാരായ തൊഴിലാളികളുടെ ഉന്നമനത്തിനും ക്ഷേമം ഉറപ്പ വരുത്തുന്നതിനുമായി വിവിധ ക്ഷേമപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കു ന്നതിനും, വിവിധ ആനുകൂല്യങ്ങൾ നൽകുന്നതിനും വേണ്ടിയാണ് 1998-ൽ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ആക്ട് നിലവിൽ വന്നത്. ക്ഷേമനിധി ബോർഡിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളികൾക്ക് വേണ്ടി നൈപുണ്യ വികസനവും തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനും ലക്ഷ്യമിട്ട് നൈപുണ്യ വികസന പരിശീലനത്തിനായി 'സങ്കൽപ്' എന്ന വിശദമായ ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. എടവിലങ്ങ് പഞ്ചായത്ത് ഉൾപ്പെടുന്ന മതിലകം ബ്ലോക്ക് പഞ്ചായത്ത് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി അംഗീകരിച്ചു നൽകിയതായി അറിയാൻ കഴിഞ്ഞെന്ന് കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>കൂടാതെ ഈറ്റ, മുള, ചൂരൽ, കാട്ടുവള്ളി, തഴ എന്നീ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ചുകൊണ്ടുള്ള തൊഴിലിന്റെ ഗാർഹികവും വ്യാവസായികവുമായ സാധ്യതകളെക്കുറിച്ച് പഠിക്കുന്നതിന് ഒരു വിദഗ്ധ കമ്മിറ്റി രൂപീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ യോഗ തീരുമാനമനുസരിച്ച് ഇതുമായി ബന്ധപ്പെട്ട പഠനങ്ങൾ നടത്തുന്നതിന് കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ (കെ. എഫ്.ആർ.ഐ)<br><br>ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പി.എം.ഇ.ജി.പി, മാർജിൻ മണി ഗ്രാന്റ് ടു നാനോ യൂണിറ്റ്സ്, ഒ.എഫ്.ഒ.ഇ, ആശ എന്നീ പദ്ധതികളിലൂടെ തഴപ്പായ മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും, |

| | | | |
|---|---|---|---|
| | | | വൈവിദ്ധ്യ വത്ക്കരണത്തിലൂടെ വരുമാനം നേടുന്നതിനും സാധിക്കുന്നതാണ്. വ്യവസായ വാണിജ്യ വകുപ്പും, കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസും (കെ.എ.എസ്.ഇ) ചേർന്ന് തഴപ്പായ മേഖലയിൽ നെയ്യുന്നതിനും, കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനും ആവശ്യമായ പരിശീലനം നൽകുന്ന പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. |
| (ബി) | തഴപ്പായ ക്ഷേമനിധി അംഗങ്ങൾക്ക് തഴകൊണ്ട് ഉണ്ടാക്കാവുന്ന വിവിധ തരത്തിലുള്ള ഉത്പന്നങ്ങളെ കുറിച്ചുള്ള പരിശീലനവും, ഇതിന്റെ കൂടിൽ വ്യവസായ സാധ്യതകളെ ക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സും, യൂണിറ്റുകൾ സ്ഥാപിക്കാനുള്ള സാമ്പത്തിക സഹായവും ചെയ്യാൻ സാധിക്കുമോ ? | (ബി) | ഈറ്റ, കാട്ടുവള്ളി, തഴ മേഖലയിൽ പരമ്പരാഗതമായി തൊഴിലെടുക്കുന്ന സാധാരണക്കാരായ തൊഴിലാളികളുടെ ഉന്നമനത്തിനും ക്ഷേമം ഉറപ്പു വരുത്തുന്നതിനുമായി വിവിധ ക്ഷേമപദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കു ന്നതിനും, വിവിധ ആനുകൂല്യങ്ങൾ നൽകുന്നതിനും വേണ്ടിയാണ് 1998-ൽ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ആക്ട് നിലവിൽ വന്നത്. ക്ഷേമനിധി ബോർഡിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളികൾക്ക് വേണ്ടി നൈപുണ്യ വികസനവും തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനും ലക്ഷ്യമിട്ട് നൈപുണ്യ വികസന പരിശീലനത്തിനായി 'സങ്കൽപ്' എന്ന വിശദമായ ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. എടവിലങ്ങ് പഞ്ചായത്ത് ഉൾപ്പെടുന്ന മതിലകം ബ്ലോക്ക് പഞ്ചായത്ത് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി അംഗീകരിച്ചു നൽകിയതായി അറിയാൻ കഴിഞ്ഞെന്ന് കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>കൂടാതെ ഈറ്റ, മുള, ചൂരൽ, കാട്ടുവള്ളി, തഴ എന്നീ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ചുകൊണ്ടുള്ള തൊഴിലിന്റെ ഗാർഹികവും വ്യാവസായികവുമായ സാധ്യതകളെക്കുറിച്ച് പഠിക്കുന്നതിന് ഒരു വിദഗ്ധ കമ്മിറ്റി രൂപീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ യോഗ തീരുമാനമനുസരിച്ച് ഇതുമായി ബന്ധപ്പെട്ട പഠനങ്ങൾ നടത്തുന്നതിന് കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ (കെ. എഫ്.ആർ.ഐ)<br><br>ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പി.എം.ഇ.ജി.പി, മാർജിൻ മണി ഗ്രാന്റ് ടു നാനോ യൂണിറ്റ്സ്, ഒ.എഫ്.ഒ.ഇ, ആശ എന്നീ പദ്ധതികളിലൂടെ തഴപ്പായ മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും, വൈവിദ്ധ്യ വത്ക്കരണത്തിലൂടെ വരുമാനം നേടുന്നതിനും സാധിക്കുന്നതാണ്. വ്യവസായ വാണിജ്യ വകുപ്പും, കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസും (കെ.എ.എസ്.ഇ) ചേർന്ന് തഴപ്പായ മേഖലയിൽ നെയ്യുന്നതിനും, കരകൗശല വസ്തുക്കൾ |

| | | | |
|---|---|---|---|
| | | | നിർമ്മിക്കുന്നതിനും ആവശ്യമായ പരിശീലനം നൽകുന്ന പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ